## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6216 — 31.10.2011-ൽ മറുപടിയ്ക്ക്

### ഷൊർണ്ണൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഷൊർണ്ണൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;<br><br>(ബി) എത്ര വീടുകൾ ഇതിനകം വൈദ്യുതീകരിച്ചു ;<br><br>(സി) പ്രസ്തുത പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിൽ വൈദ്യുതീകരണം പൂർത്തിയാകാത്ത വീടുകളിൽ വൈദ്യുതീകരണം എന്ന് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ ? | (എ) (ബി) & (സി) പട്ടാമ്പി, ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം എന്നീ മണ്ഡലങ്ങൾ വിഭജിച്ചാണ് ഷൊർണ്ണൂർ മണ്ഡലം രൂപീകരിച്ചിട്ടുള്ളത്. 16-02-2010 ൽ മേൽപ്പറഞ്ഞ മണ്ഡലങ്ങൾ ഉൾപ്പെടെ പാലക്കാട് ജില്ലയിലെ അന്നുണ്ടായിരുന്ന എല്ലാ മണ്ഡലങ്ങളും സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്. അതിനു ശേഷം 31-03-2011 വരെ രജിസ്റ്റർ ചെയ്ത എല്ലാ കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ കണക്ഷൻ നൽകുന്നതിന് ആവശ്യമായ തുക അടയ്ക്കുന്ന ഉപഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ നൽകി വരുന്നു. അതിനു പുറമെ വൈദ്യുതീകരണം പൂർത്തിയാകാത്ത വീടുകൾ ആർ. ജി. ജി. വി. വൈ സ്കീമിൽ ഉൾപ്പെടുത്തി 2012 മാർച്ചിനകം വൈദ്യുതീകരിക്കാൻ ലക്ഷ്യമിടുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിൽ 1046 വീടുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

(ഒപ്പ്)